LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം

149 [154] ശ്രീ. പി. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെ ആയി എന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ഈ സാമ്പത്തികവർഷം എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ഡി) കെട്ടിടനിർമ്മാണം ആരംഭിച്ച് എത്രയുംവേഗം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 2-8-2003-ൽ ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്.

(ബി) 28-3-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 991/03/ആ.കു.വ. പ്രകാരം കൊയിലാണ്ടി ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണ പ്രവർത്തനത്തിന് 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ആശുപത്രിയ്ക്ക് ഒരു ബഹുനില കെട്ടിടം നിർമ്മിക്കുന്നതിന് 531 ലക്ഷം രൂപയുടെ ഭരണാനുമതിക്കായി ലഭിച്ച ശുപാർശ പരിഗണനയിലാണ്.

(സി ആന്റ് ഡി) ഈ സാമ്പത്തികവർഷം 8 ലക്ഷം രൂപ പി.ഡബ്ല്യു.ഡി. ശീർഷകം 4210-01-110-83-ൽ വകയിരുത്തിയിട്ടുണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

മഞ്ചേരിയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ നിയമനങ്ങൾ

150 [155] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ അനുവദിച്ച സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും തസ്തികകളിൽ എന്നത്തേക്ക് നിയമനം നടത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) ഇല്ല. മഞ്ചേരിയിൽ അനുവദിച്ച സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ പണി ആരംഭിച്ചിട്ടില്ല. പണി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തസ്തിക അനുവദിക്കുന്നകാര്യം ഉദിക്കുന്നുള്ളൂ.